# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2256:** **26/03/2013- ൽ മറുപടിക്ക്**

## സംരംഭകത്വ സഹായ പദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ. വി. പി. സജീന്ദ്രൻ :**
" **എം. പി. വിൻസെന്റ് :**
" **ടി. എൻ. പ്രതാപൻ :**
" **സണ്ണി ജോസഫ് :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംരംഭകത്വ സഹായ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | സംരംഭകത്വ സഹായ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് നൽകി വന്നിരുന്ന മാർജിൻ മണി വായ്പ, മൂലധന സബ്സിഡി, സാങ്കേതിക വിദ്യാ വികസന സബ്സിഡി, ഗ്യാരണ്ടി ഫീസ് തുടങ്ങിയ പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന വ്യവസായിക വളർച്ച ലക്ഷ്യമിട്ട് വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സംരംഭകത്വ സഹായ പദ്ധതി.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, താലൂക്ക് വ്യവസായ ഓഫീസുകൾ എന്നിവിടങ്ങളിലാണ് അപേക്ഷ പരിഗണിക്കുന്നത്. സംരംഭം തുടങ്ങാനുള്ള സ്റ്റാർട്ട് അപ്പ് സഹായം പൂർണ്ണമായും വിതരണം ചെയ്യുന്നത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറാണ്. നിക്ഷേപ സഹായവും, സാങ്കേതിക സഹായവും അനുവദിക്കുന്നത് ജില്ലാതലത്തിലുള്ള ഒരു കമ്മിറ്റിയാണ്. ജില്ലാ കളക്ടർ ആണ് ഇതിന്റെ ചെയർമാൻ. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഇതിന്റെ മെമ്പർ സെക്രട്ടറിയായിരിക്കും. ലീഡ് ജില്ലാ ബാങ്ക് മാനേജർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കെ.എസ്.എസ്.ഐ.എ. ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ |

| | | | |
|---|---|---|---|
| | | | പ്രതിനിധികൾ ഈ കമ്മിറ്റിയിൽ ഉണ്ടായിരിക്കും. രണ്ട് കോടി രൂപ വരെ സ്ഥിരനിക്ഷേപത്തിനുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ജില്ലാതല കമ്മിറ്റിയാണ്. അതിന് മുകളിൽ ഉള്ളവയെ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയാണ് പരിഗണിക്കുന്നത്. വ്യവസായ വാണിജ്യ ഡയറക്ടർ ആണ് ഇതിന്റെ ചെയർമാൻ. ധനകാര്യ വകുപ്പ്, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ, കെ.എസ്.എസ്.ഐ.എ, കെ. എസ്.ഐ.ഡി.സി, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി എന്നിവയുടെ പ്രതിനിധികൾ ഇതിൽ മെമ്പർമാരാണ്. വ്യവസായ വകുപ്പിലെ അഡീഷണൽ ഡയറക്ടർ മെമ്പർ സെക്രട്ടറിയാണ്. അപേക്ഷ സമർപ്പിക്കുമ്പോൾ ഫീസ് നൽകണം. സാധാരണ അപേക്ഷകർ 1000 രൂപയും, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർ 500 രൂപയും ഫീസ് അടയ്ക്കണം.<br>ജൂൺ 1-ാം തീയതി മുതൽ ഓൺ ലൈൻ ആയിട്ടും അപേക്ഷകൾ നൽകാൻ കഴിയും. |
| (ബി) | സംരംഭകത്വ സഹായ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സംരംഭകരെ പരമാവധി പ്രോൽസാഹിപ്പിച്ച് സംസ്ഥാനത്ത് കൂടുതൽ വ്യവസായിക പുരോഗതിയും, അഭ്യസ്തവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങളും നൽകുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | വ്യവസായ മേഖലയുടെ പുത്തൻ ഉണർവിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) & (ഡി) | തുടങ്ങാൻ പോകുന്ന യൂണിറ്റുകൾക്ക് സംരംഭകത്വ സഹായ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം മൂന്ന് ഘട്ടമായിട്ടാണ് നൽകുന്നത്. സംരംഭം ആരംഭിക്കുന്നതിന് മുമ്പ് " തുടങ്ങാനുള്ള സഹായവും " ആരംഭിച്ച് കഴിഞ്ഞ് നിക്ഷേപസഹായവും മെച്ചപ്പെട്ട സാങ്കേതിക വിദ്യ സമ്പാദിച്ചാൽ "സാങ്കേതിക സഹായവും " നൽകാൻ ഇതിൽ വ്യവസ്ഥ ചെയ്യുന്നു. പരമാവധി 30 ലക്ഷം രൂപ വരെയാണ് സാമ്പത്തിക സഹായം നൽകുന്നത്.<br>സംരംഭം തുടങ്ങാൻ പ്രാരംഭ ഘട്ടത്തിൽ മൂന്ന് ലക്ഷം രൂപ വരെ സ്റ്റാർട്ട് അപ്പ് സപ്പോർട്ട് ആയി നൽകുന്നു. സ്റ്റാർട്ട് അപ്പ് സപ്പോർട്ട് ലഭിച്ച് കഴിഞ്ഞ സംരംഭങ്ങൾ അത് ലഭിക്കുന്ന തിയതി മുതൽ ഒരു വർഷത്തിനുള്ളിൽ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിക്കുകയും തുടർന്നുള്ള അഞ്ചു വർഷം തുടർച്ചയായി പ്രവർത്തിക്കുകയും ചെയ്യണമെന്ന് നിർബന്ധമാണ്. |
| (ഡി) | എന്തെല്ലാം സഹായങ്ങളാണ് പദ്ധതി വഴി ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | | |

| | | | |
|---|---|---|---|
| | | | ഉത്പാദനം തുടങ്ങി ഒരു വർഷത്തിനകം " ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് " ആയി 20 ലക്ഷം രൂപ വരെ ലഭിക്കും. വിപുലീകരണം. വൈവിദ്ധ്യവൽക്കരണം,ആധുനികവൽക്കരണം എന്നിവ നടത്തുന്ന സംരംഭങ്ങൾക്കും ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടിന് അർഹതയുണ്ടായിരിക്കും.<br><br>ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി പ്രവർത്തനമാരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്ക് ടെക്നോളജി സപ്പോർട്ടായി പരമാവധി 10 ലക്ഷം രൂപ വരെ ലഭിക്കും. |

സെക്ഷൻ ഓഫീസർ